# പ്രവാചകൻ മുഹമ്മദിൻെറ
# മനുഷ്യാവകാശ പ്രഖ്യാപനം

*തയാറാക്കിയത്: ജലീൽ*- E-mail: aj@vazhi.org

ഹിജ്റ വർഷം 10. ദുൽഹജ്ജ് 9 വെള്ളി. ഒരു ലക്ഷത്തിലധികം വരുന്ന അനുയായികളോടൊത്ത് പ്രവാചകൻ മുഹമ്മദ് ആ വർഷത്തെ ഹജജ് നിർവഹിച്ചു. അന്ന് അറഫായിൽ (ഹജ്ജിൽ ഏറെ പ്രാധാന്യമുള്ള സ്ഥലം) വെച്ച് അദ്ദേഹം തൻെറ അനുയായികളെ അഭിസംബോധനം ചെയ്ത് ചരിത്രപ്രസിദ്ധമായ പ്രസംഗം നടത്തുകയുണ്ടായി. അതത്രെ അദ്ദേഹത്തിൻെറ പ്രശസ്തമായ മനുഷ്യാവകാശ പ്രഖ്യാപനം. അതിലെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു:

“ദൈവദാസന്മാരേ, നിങ്ങൾ ഏവരെയും, ആദ്യമായി എന്നെത്തന്നെയും ഞാൻ അനു ശാസിക്കുന്നു, അല്ലാഹുവോട് കൂറും ഭക്തിയും ഉള്ളവരായി വർത്തിക്കുവാൻ.

ജനങ്ങളേ, എൻെറ വാക്ക് സശ്രദ്ധം ശ്രവിക്കുവിൻ, ഒരുപക്ഷേ, ഈ കൊല്ല ത്തിനു ശേഷം നിങ്ങളുമായി ഇതേനിലയിൽ സന്ധിക്കുവാൻ മറ്റൊരവസരത്തിലും കഴിഞ്ഞില്ലെന്നുവരാം.

ജനങ്ങളേ, നിങ്ങൾക്ക് രക്തവും ധനവും അഭിമാനവും പാവനമാണ്, നിങ്ങളു ടെ ദൈവവുമായി കണ്ടുമുട്ടുന്നതുവരെ. ഈ ദിനത്തിൻെറ, ഈ മാസത്തിൻെറ, ഈ നാടിൻെറ പാവനത എത്രമാത്രമാണോ അത്രതന്നെ. അതിനാൽ, നിങ്ങൾ അവയു ടെ മേൽ പരസ്പരം കൈയേറ്റം നടത്തരുത്. നിങ്ങളുടെ നാഥനുമായി നിങ്ങളൊ രിക്കൽ സന്ധിക്കുന്നതായിരിക്കും. തദവസരം നിങ്ങളുടെ ചെയ്തികളെപ്പറ്റി അവൻ ചോദ്യം ചെയ്യും. അതുകൊണ്ട് വല്ലവൻെറയും പക്കലും വല്ലവൻെറയും സ്വത്തു ണ്ടെങ്കിൽ അതിൻെറതായ അവകാശിക്ക് തിരിച്ചേല്പിച്ചുകൊള്ളട്ടെ.

അറിഞ്ഞുകൊള്ളുക. അനിസ്ലാമികത്വത്തിൻെറതായ പലിശഇടപാട് മുഴുവൻ റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങളുടെ മൂലധനം നിങ്ങൾക്കുണ്ടായിരിക്കും, നിങ്ങളാരും മർദ്ദിതരോ മർദ്ദകരോ ആവാതെ. പലിശ ഇടപാടൊന്നും വേണ്ടെന്ന് അല്ലാഹു കണി ശമായി തീരുമാനിച്ചിരിക്കുന്നു. ഏറ്റവും ആദ്യമായി ഞാൻ റദ്ദ് ചെയ്യുന്നത് എൻെറ പിതൃവ്യൻ അബ്ബാസുബ്നു അബ്ദിൽ മുത്വലിബിൻെറ പലിശയാണ്. അറിഞ്ഞു കൊള്ളുക, അനിസ്ലാമികത്വത്തിൻെറതായ എല്ലാ രക്തപ്പകയും പ്രതികാര നടപടി യും റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു. ഏറ്റവും ആദ്യമായി ഞാൻ റദ്ദ് ചെയ്യുന്നത് ഹാരിസു ബ്നു അബ്ദിൽ മുത്വലിബിൻെറ മകൻ റബീഅത്തിൻെറ പുത്രനായ ആമിറി ൻെറ(എൻെറ പിതൃവ്യപുത്രൻെറ) രക്തപ്പകയാണ്. ബനൂലൈസ് ഗോത്രത്തിൽ മുല കുടിച്ച് വർത്തിക്കവേ ആമിറിനെ ഹുദൈൽ ഗോത്രം കൊന്നുകളഞ്ഞുവല്ലോ. അറി ഞ്ഞുകൊള്ളുക, അനിസ്ലാമികത്വത്തിൻെറതായ സകല ചിഹ്നങ്ങളേയും ആചാ രങ്ങളേയും ഞാനിതാ എൻെറ പാദങ്ങൾക്കടിയിൽ റദ്ദ് ചെയ്തിരിക്കുന്നു. എന്നാൽ കഅ്ബാ പരിപാലനവും ഹാജിമാർക്കുള്ള ജലദാനവും ഇക്കൂട്ടത്തിൽനിന്ന് വ്യത്യസ്ത ങ്ങളത്രെ.

കരുതിക്കൂട്ടിയുള്ള കൊലപാതകത്തിൽ പകരത്തിനു പകരമുണ്ട്. എന്നാൽ വടി യോ കല്ലോ പ്രയോഗിക്കുക നിമിത്തം അബദ്ധത്തിൽ സംഭവിച്ചാൽ നൂറൊട്ടകമത്രെ നഷ്ടപരിഹാരം. അതിൽക്കവിഞ്ഞ നഷ്ടപരിഹാരം ആവശ്യപ്പെട്ടാൽ അത് അനി സ്ലാമികമത്രെ.

ജനങ്ങളേ, പിശാച് ഈ മണ്ണിൽവെച്ച് അവൻ ആരാധിക്കപ്പെടുന്നതിൽനിന്ന് അവൻ ഇഛാഭംഗപ്പെട്ടിട്ടുണ്ട്. പക്ഷേ, നിങ്ങൾ നിസ്സാരമായി കരുതുന്ന നിങ്ങളുടെ കർമങ്ങളിൽ അവൻ അനുസരിക്കപ്പെടുന്നുവെങ്കിൽ തീർച്ചയായും അവൻ സംതൃപ് തിയടയും. അതുകൊണ്ട് സ്വന്തം ദീനി(മതം)ൻെറ കാര്യത്തിൽ സദാ ജാഗരൂകരായി രിക്കുക.

ജനങ്ങളേ, അവിശ്വാസത്തിൽ ഒരു ആധിക്യം തന്നെയാണ്, യുദ്ധം നിരോധിച്ച മാസങ്ങളെ മാറ്റി നിശ്ചയിക്കൽ. അവിശ്വസിച്ചവർ അതുവഴി കൂടുതൽ വ്യതിച ലിക്കുകയാണ്. അവർ ഒരേ മാസത്തെ ഒരു വർഷം ഹലാലും (അനുവദനീയം) മറു വർഷം ഹറാമു(നിഷിദ്ധം)മാക്കിവക്കുന്നു., അല്ലാഹു ഹറാമാക്കിയ മാസങ്ങളോട് എണ്ണമൊപ്പിക്കാൻ വേണ്ടി. അങ്ങനെ അവർ അല്ലാഹു ഹറാമാക്കിയതിനെ ഹലാലാ ക്കുന്നു, അവൻ ഹലാലാക്കിയതിനെ ഹറാമാക്കുകയും ചെയ്യുന്നു. യഥാർഥമാകട്ടെ, ആകാശഭൂ മികളെ അല്ലാഹു സംവിധാനിച്ച അന്നത്തെപ്പോലെത്തന്നെയാണ് കാല ചക്രം കറങ്ങിപ്പോന്നിട്ടുള്ളത്. ആകാശഭൂമികളെ അല്ലാഹു സംവിധാനിച്ച അന്ന് മാസങ്ങളുടെ എണ്ണം ദൈവഗ്രന്ഥത്തിൽ പന്ത്രണ്ടു തന്നെയാണ്. കൂട്ടത്തിൽ നാലെ ണ്ണം-ദുൽഖഅദ, ദുൽഹിജ്ജ, മുഹർറം, റജബ്-യുദ്ധനിഷിദ്ധമാസങ്ങളത്രെ.

ജനങ്ങളേ, നിങ്ങളെ സംബന്ധിച്ച് നിങ്ങളുടെ പത്നിമാർക്കൊരു കർത്തവ്യമു ള്ളതുപോലെ, അവരെ സംബന്ധിച്ച് നിങ്ങൾക്കുമുണ്ട് കർത്തവ്യം. അവർ നിങ്ങൾ ക്കിഷ്ടമില്ലാത്തവരെ നിങ്ങളുടെ വിരിപ്പുകളിൽ ചവിട്ടിക്കരുത്. നിങ്ങളുടെ സമ്മതമി ല്ലാതെ വീട്ടിൽ പ്രവേശിപ്പിക്കുകയുമരുത്. ഇതാകുന്നു അവരുടെ കർത്തവ്യം. സ്പ ഷ്ടമായ നീചവൃത്തി ചെയ്യാതിരിക്കലും അവരുടെ കർത്തവ്യമാകുന്നു.

അങ്ങനെ ചെയ്യുന്നപക്ഷം അവരോട് ശയ്യകളിൽ വേറിട്ടുനിൽക്കാനും പോരെങ്കിൽ അപായക രമല്ലാത്ത അടികൊടുക്കാനും നിങ്ങളെ അല്ലാഹു അനുവദിച്ചിരിക്കുന്നു. അങ്ങനെ അവർ അതിൽനിന്ന് പിന്മാറിയാൽ മാന്യമര്യാദയനുസരിച്ച് അവർക്ക് ഭക്ഷണവും വസ്ത്രവും നൽകൽ നിങ്ങളുടെ കർത്തവ്യമാണ്. സ്ത്രീകൾ നിങ്ങളുടെ പക്കൽ നിബദ്ധരാണ്. അവർക്ക് സ്വന്തമായി യാതൊന്നുമില്ല. അല്ലാഹുവിൻെറ അനാ മത്തായാണ് അവരെ നിങ്ങൾ കൈകൊണ്ടിട്ടുള്ളത്. അവൻെറ തിരുമൊഴിപ്രകാര മാണ് അവരുമായുള്ള സംഭോഗം നിങ്ങൾക്കനുവദനീയമാക്കിയിരിക്കുന്നത്. അതി നാൽ ജനങ്ങളേ, എൻെറ വാക്ക് ശരിക്കും ശ്രവിക്കുവിൻ.

ജനങ്ങളേ, നിങ്ങളുടെ മുമ്പിൽ ഒരു സംഗതി വിട്ടുംവെച്ചാണ് ഞാൻ പോകു ന്നത്. അതിനെ മുറുകെ പിടിക്കുന്നതായാൽ എൻെറ ശേഷം നിങ്ങൾ ഒരിക്കലും പിഴച്ചുപോകുന്നതല്ല. അല്ലാഹുവിൻെറ ഗ്രന്ഥവും നബിയുടെ ചര്യയുമത്രെ അത്.

ജനങ്ങളേ, ഓരോ മുസ്ലിമും ഇതര മുസ്ലിമിൻെറ സഹോദരനാകുന്നു. മുസ്ലിംകൾ പരസ്പരം സഹോദരന്മാർ തന്നെ. അതിനാൽ മനഃസംതൃപ്തിയോടെ സഹോദരൻ നല്കുന്ന ധനമല്ലാതെ മറ്റൊന്നും അനുഭവിക്കാൻ പാടുള്ളതല്ല. നിങ്ങൾ സ്വയം ദ്രോഹിക്കരുത്. എനിക്ക് ശേഷം പരസ്പരം കഴുത്തറുത്തുകൊണ്ട് അവിശ്വാസികളായിത്തീരരുത്.

മാനവസമുദായമേ, നിങ്ങളുടെ ദൈവം ഒന്ന്, നിങ്ങളുടെ പിതാവ് ഒന്ന്. നിങ്ങ ളെല്ലാം ആദമിൽനിന്നുണ്ടായതാണ്. ആദമോ, മണ്ണിൽനിന്നും. കൂടുതൽ ദൈവ ഭക്തിയുള്ളവരത്രെ അല്ലാഹുവിങ്കൽ കൂടുതൽ ശ്രേഷ്ഠർ. അറബിക്ക് അനറബിയെ ക്കാളോ അനറബിക്ക് അറബിയെക്കാളോ ഭക്തി കൊണ്ടല്ലാതെ യാതൊരു മഹത്വ വുമില്ല.

മുസ്ലിംകളെ, എനിക്കു ശേഷം ഒരു പ്രവാചകനില്ല. നിങ്ങൾക്കു ശേഷം ഒരു സമുദായവുമില്ല. നിങ്ങളുടെ നാഥനെ ആരാധിക്കുക. അഞ്ചു നേരം നമസ്കരിക്കുക. മനഃസന്തുഷ്ടിയോടെ സകാത്ത് കൊടുക്കുക. റമദാനിൽ വ്രതമനുഷ്ഠിക്കുക. നിങ്ങ ളുടെ കൂട്ടത്തിലുള്ള ഭരണകർത്താക്കളെ അനുസരിക്കുക. എങ്കിൽ നിങ്ങളുടെ നാഥ ൻെറ സ്വർഗത്തിൽ പ്രവേശിക്കാം.

അല്ലയോ ജനങ്ങളേ, നിങ്ങളോട് എന്നെക്കുറിച്ച് ചോദ്യമുണ്ടാകും. എന്തായി രിക്കും നിങ്ങളുടെ മറുപടി?"

"അങ്ങ് പ്രബോധന കർത്തവ്യം നിർവഹിക്കുകയും സദുപദേശം നല്കുകയും ചെയ്തുവെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കും." ജനങ്ങൾ ഉച്ചത്തിൽ പറഞ്ഞു. തദവ സരം പ്രവാചകൻ ആകാശത്തേക്ക് വിരലുയർത്തി പറഞ്ഞു: "അല്ലാഹുവേ നീ സാക്ഷി."

"അറിഞ്ഞുകൊള്ളുക, ഇവിടെ ഹാജറുള്ളവർ ഹാജറില്ലാത്തവർക്ക് എത്തിച്ചുകൊ ടുക്കേണ്ടതാണ്."